ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13-01-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1.) മയക്കുമരുന്ന് ഉപയോഗം സാമൂഹിക വെല്ലുവിളിയാണെന്നും, ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഇത് ഇല്ലാതാക്കുമെന്നും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

**Vice President C. P. Radhakrishnan said drug abuse is a social challenge and it destroys both physical and mental health.**

2) ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും, ഭാവി വെല്ലുവിളികൾക്കും തക്ക മറുപടി നൽകുമെന്നും കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി.

**Indian Army Chief General Upendra Dwivedi has said that Operation Sindoor remains ongoing and respond resolutely to any future misadventure.**

3) സംസ്ഥാനത്തെ മൂന്ന് തദ്ദേശവാർഡുകളിൽ നടന്ന തിരഞ്ഞെടുപ്പിൽ വിഴിഞ്ഞത്തും, പായിമ്പാടത്തും വിജയം നേടി യുഡിഎഫ്. ഓണക്കൂറിൽ എൽ.ഡി.എഫിന് വിജയം.

**In the elections held in three local body wards in the state, the UDF won in Vizhinjam and Payimpadam, while the LDF emerged victorious in Onakkur.**

4) വികസ്വര രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിൻറെ മികച്ച വേദിയാകാൻ ബ്രിക്സിന് സാധിച്ചതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

**External Affairs Minister S. Jaishankar said BRICS has succeeded in becoming an effective platform for cooperation among developing countries**

5) ശബരിമലയിൽ മകരവിളക്ക് ദർശനത്തിന് വിപുലമായ ഒരുക്കങ്ങൾ. പത്തനംതിട്ട ജില്ലയിൽ നാളെ പ്രാദേശിക അവധി.

**Extensive preparations are underway at Sabarimala for the Makaravilakku . Local holiday has been declared in Pathanamthitta district tomorrow.**

6) പശ്ചിമ ബംഗാളിൽ നിപയെന്ന് സംശയിക്കുന്ന രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തു. പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ.

**Two suspected cases of Nipah have been reported in West Bengal. The Central and State governments have intensified preventive measures.**

&&&&&&&&&&&&&&&&&

**HEADLINE-1**

**VP – DRUGS**

ലഹരിവസ്തുക്കളുടെ ഉപയോഗം സാമൂഹിക വെല്ലുവിളിയാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. യുവജനങ്ങൾ മയക്കുമരുന്ന് ഉപയോഗത്തിൽ നിന്ന് മുക്തരും, ആരോഗ്യമുള്ളവരും, ലക്ഷ്യബോധമുള്ളവരുമാകുമ്പോൾ മാത്രമേ വികസിത ഭാരതം എന്ന ദർശനം യാഥാർത്ഥ്യമാകൂ എന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. ഡൽഹി

സർവകലാശാലയുടെ മയക്കുമരുന്ന് രഹിത കാമ്പസ് കാമ്പെയ്നിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മയക്കുമരുന്ന് വ്യക്തികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം തകർക്കുമെന്നും ഇതിൽ നിന്നും വിട്ടു നിൽക്കുമെന്ന് ഓരോരുത്തരും തീരുമാനിക്കണമെന്നും ശ്രീ സി പി രാധാകൃഷ്ണൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-2

### GENERAL UPENDRA DWIVEDI

സേനാ വിഭാഗങ്ങളുടെ യോജിച്ചുള്ള പ്രവർത്തനത്തിന്റെ ഉത്തമ ഉദാഹരണമാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും, ഭാവിയിലെ വെല്ലുവിളികൾക്ക് തക്ക മറുപടി നൽകുമെന്നും അദ്ദേഹം പറഞ്ഞു. പാകിസ്ഥാനിലെ ഏഴ് ഭീകര താവളങ്ങൾ ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സേന തകർത്തതായും ജനറൽ ദ്വിവേദി ന്യൂഡൽഹിയിൽ വാർഷിക വാർത്താസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ മേയ് 10 മുതൽ ജമ്മു കശ്മീരിലേയും പടിഞ്ഞാറൻ മേഖലയിലേയും സ്ഥിതിഗതികൾ നിയന്ത്രണ വിധേയമായി തുടരുന്നതായും അദ്ദേഹം അറിയിച്ചു. 2025ൽ 31 ഭീകരരെ വധിച്ചതിൽ, പകുതിയിലേറെയും പാക് ഭീകരരാണെന്നും ജനറൽ ദ്വിവേദി അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-4

### S JAISHANKAR (INTRO)

*വികസ്വര രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിൻറെ മികച്ച വേദിയാകാൻ ബ്രിക്സിന് സാധിച്ചതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ബ്രിക്സ് ഇന്ത്യ 2026 വെബ്സൈറ്റ്, ലോഗോ, തീം എന്നിവ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള മാറ്റങ്ങൾക്ക് അനുസൃതമായി വികസിക്കാനും ജനക്ഷേമത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കാനും ബ്രിക്സ് കൂട്ടായ്മയ്ക്ക് സാധിച്ചതായും വിദേശകാര്യമന്ത്രി പറഞ്ഞു.*
*(ഹോൾഡ് വോയ്സ്...)*

&&&&&&&&&&&&&&&&&&

**HEADLINE-3**

**LSG –COUNTING**

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച മൂന്ന് തദ്ദേശ വാർഡുകളിൽ രണ്ട് ഇടത്ത് യു.ഡി.എഫിനും ഒരിടത്ത് എൽ ഡി എഫിനും ജയം. തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞത്ത് യു.ഡി.എഫിന്റെ കെ.എച്ച് സുധീർ ഖാനാണ് ജയം. മലപ്പുറം മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പായിമ്പാടം വാർഡിൽ 222 വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു ഡി എഫ് സ്ഥാനാർത്ഥി കൊരമ്പയിൽ സുബൈദ വിജയിച്ചു. എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂറിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി സി.ബി.രാജീവ് 221 വോട്ടുകൾക്കാണ് വിജയം നേടിയത്.

&&&&&&&&&&&&&&&&&&

**VOTERS LIST**

സംസ്ഥാനത്ത് സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുങ്ങി. voters.eci.gov.in വെബ്സൈറ്റ് ലിങ്കിൽ പ്രവേശിക്കുമ്പോൾ submit document against notice issued എന്ന ബട്ടണിലാണ് ക്ലിക്ക് ചെയ്യേണ്ടത്.

&&&&&&&&&&&&&&&&&&

**VAISHNAW – CRITICAL MINERALS (INTRO)**

*വാഷിംഗ്ടൺ ഡിസിയിൽ നടന്ന ക്രിട്ടിക്കൽ മിനറൽസ് മന്ത്രിതല യോഗത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പങ്കെടുത്തു. നിർണായക ധാതുക്കൾക്കായുള്ള ആഗോള വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചായിരുന്നു യോഗം.ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇലക്ട്രോണിക്സ് മേഖലയിലെ ഉത്പാദനം അതിവേഗം വളരുന്നതായി ശ്രീ വൈഷ്ണവ് പറഞ്ഞു.*

*(ഹോൾഡ് വോയ്സ്....)*

&&&&&&&&&&&&&&&&&&

**PARLIAMENT**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും. 28 മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് സമ്മേളനം.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......**

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**RAJNATH-MEDICAL CAMP**

നാവികസേന ലക്ഷദ്വീപിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിനെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്തു. വിദൂര പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗുണനിലവാരമുള്ള ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത എടുത്തുകാട്ടുന്നതാണ് മെഡിക്കൽ ക്യാമ്പെന്ന് രാജ്യരക്ഷാ മന്ത്രി ചടങ്ങിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-6**

**CENTRE - AIIMS NIPAH VIRUS WB**

പശ്ചിമ ബംഗാളിൽ നിപയെന്ന് സംശയിക്കുന്ന രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ദേശീയ പകർച്ചവ്യാധി പ്രതികരണ സംഘത്തെ കേന്ദ്ര സർക്കാർ സംസ്ഥാനത്ത് വിന്യസിച്ചു. കല്യാണി എയിംസ് ലാബിലെ പരിശോധനയിലാണ് നിപ വൈറസ് തിരിച്ചറിഞ്ഞത്. രോഗവ്യാപനം തടയാൻ സംസ്ഥാനത്തിന് എല്ലാ പിന്തുണയും നൽകുമെന്നും, ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രി ജെ .പി.നഡ്ഡ പറഞ്ഞു. പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയുമായി അദ്ദേഹം ഫോണിൽ സംസാരിച്ചു. നിപയുടെ പശ്ചാത്തലത്തിൽ നോർത്ത് 24 പർഗാനാസ്, പൂർബ ബർധമാൻ, നാദിയ ജില്ലകളിൽ പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**CEC – SC**

2023 ലെ CEC ആക്ട് പ്രകാരം മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർക്കും തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്കും നൽകിയിട്ടുള്ള പ്രത്യേക പരിരക്ഷക്കെതിരെ സമർപ്പിച്ച ഹർജിയിൽ സുപ്രീംകോടതി കേന്ദ്രത്തിനും തിരഞ്ഞെടുപ്പ് കമ്മീഷനും നോട്ടീസ് അയച്ചു. എന്നാൽ വ്യവസ്ഥ സ്റ്റേ ചെയ്യാൻ വിഷയത്തിൽ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെടുന്ന ബഞ്ച് വിസമ്മതിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**SABARIMALA (INTRO)**

*ശബരിമലയിൽ മകരവിളക്ക് മഹോത്സവം നാളെ. മകരവിളക്കിനുള്ള എല്ലാ ഒരുക്കങ്ങളും അവസാനഘട്ടത്തിലാണ്. ഇന്ന് വൈകിട്ട് പമ്പ സദ്യയും പമ്പവിളക്കും നടക്കും. മകരവിളക്കിനോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ നാളെ പ്രാദേശിക അവധി നൽകിയിട്ടുണ്ട്.*

*വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ....*

*(വോയിസ്)*

&&&&&&&&&&&&&&&&&

**RAHUL**

ലൈംഗിക പീഡന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ മൂന്ന് ദിവസത്തെ എസ്.ഐ.റ്റി കസ്റ്റഡിയിൽ വിട്ട് തിരുവല്ല മജിസ്ട്രേറ്റ് കോടതി. ജാമ്യാപേക്ഷ കോടതി ഈ മാസം 16 ന് പരിഗണിക്കും. ഡി.വൈ.എഫ്.ഐ, യുവമോർച്ച തുടങ്ങിയ യുവജനസംഘടനകളുടെ ശക്തമായ പ്രതിഷേധത്തിനിടെയാണ് രാഹുലിനെ ഇന്ന് കോടതിയിൽ ഹാജരാക്കിയത്.

&&&&&&&&&&&&&&&&&

**STATE SCHOOL FESTIVAL**

സംസ്ഥാന സ്കൂൾ കലോത്സവത്തിന് തൃശൂരിൽ നാളെ തിരിതെളിയും. തേക്കിൻക്കാട് മൈതാനിയിലെ എക്സിബിഷൻ ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. മേളയുടെ വിളംബര ഘോഷയാത്ര ഇന്ന് നടക്കും. 25 വേദികളിൽ, അഞ്ചു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ പതിനയ്യായിരത്തോളം പ്രതിഭകൾ മാറ്റുരയ്ക്കും.

&&&&&&&&&&&&&&&&&

**BOOK FEST-ASSEMBLY**

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് ഇന്ന് സമാപിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. മൗറീഷ്യസ് മുൻ പ്രസിഡന്റ് അമീന ഗുരീബ് ഫക്കിം മുഖ്യപ്രഭാഷണം നടത്തും.

&&&&&&&&&&&&&&&&&

**INDIA- TAX**

നടപ്പ് സാമ്പത്തിക വർഷത്തിൽ, ജനുവരി പകുതി വരെയുള്ള കണക്കു പ്രകാരം രാജ്യത്തെ പ്രത്യക്ഷ നികുതി വരുമാനത്തിൽ 8.82 ശതമാനം വളർച്ച രേഖപ്പെടുത്തി. ആദായനികുതി വകുപ്പിന്റെ കണക്കനുസരിച്ച്, ഈ മാസം 11 വരെ 18.38 ലക്ഷം കോടി രൂപയാണ് പ്രത്യക്ഷ നികുതി

വരുമാനം. കോർപ്പറേറ്റ് നികുതി , വ്യക്തിഗത നികുതി വരുമാനം എന്നിവയാണ് വർദ്ധനയ്ക്ക് കാരണമായത്.

&&&&&&&&&&&&&&&&&&

**PARADE-PASS**

റിപ്പബ്ലിക് ദിന പരേഡിന് മുന്നോടിയായി ജനുവരി 23 ന് കർതവ്യപഥത്തിൽ നടക്കുന്ന ഫുൾഡ്രസ് റിഹേഴ്സലിന്റെ സൗജന്യ പാസുകൾ വിതരണം ചെയ്യുമെന്ന് പ്രതിരോധ മന്ത്രാലയം. ഈ മാസം 15, 16 തീയതികളിൽ പാസുകൾ ലഭ്യമാകും. ഔദ്യോഗിക വെബ്സൈറ്റ് വഴിയോ ആമന്ത്രൺ മൊബൈൽ ആപ്പ് വഴിയോ പാസുകൾ ബുക്ക് ചെയ്യാം.

&&&&&&&&&&&&&&&&&&

**IMD**

ഡൽഹി, ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് എന്നിവിടങ്ങളിൽ കനത്ത മൂടൽ മഞ്ഞിനുള്ള സാധ്യത പരിഗണിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഹിമാചൽ പ്രദേശ്, ഝാർഖണ്ഡ്, ഒഡീഷ, രാജസ്ഥാൻ, പടിഞ്ഞാറൻ ഉത്തർ പ്രദേശ് എന്നിവിടങ്ങളിൽ ശൈത്യ തരംഗത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

**WPL**

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസ് ഇന്ന് ഗുജറാത്ത് ജയന്റ്സുമായി ഏറ്റുമുട്ടും. മുംബൈ D.Y പാട്ടീൽ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളുരു, യു.പി വാരിയേഴ്സിനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&